# Holy Voice
## Parish Bullettin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല
ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 14 ആഗസ്റ്റ് 2014

എഡിററർ
ജോർജ് എറാട്ടുകാരൻ 9605666658

സെക്രട്ടറി
ജോസഫ് കാച്ചപ്പിള്ളി 9400878280

സബ്ബ് എഡിറ്റർ
ജെസ്റ്റിൻ മംഗലത്ത് 9747552251

അഡ്വെർടൈസ്മെന്റ് മാനേജർ:
ജെയിംസ് നെല്ലിശ്ശേരി 9447466548

ട്രഷറർ
അനൂപ് ബേബി അറയ്ക്കൽ 9947272633

എഡിറ്റോറിയൽ ബോർഡ്
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

ട്രസ്റ്റിമാർ
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

ഇടവക ഡയറി 2
എഡിറ്റോറിയൽ 3
ഇടയശബ്ദം 5
പിതാവിന്റെ ഇടയസന്ദർശനം 9
മനുഷ്യരെ നേടുന്ന മുക്കുവന്മാർ 11
എന്തുനല്ലമ്മ... എന്നുടെ അമ്മ 13
വിശുദ്ധരുടെ ജീവിതത്തിലൂടെ 15
ബാലപംക്തി 21
ഞാൻ വളരുകയല്ലേ മമ്മീ.. 22
ജാലകത്തിലൂടെ 24
സഭാവാർത്തകൾ 25
ക്വിസ് മത്സരം 26
തിരിച്ചറിവ് – കവിത 27
പിന്നിട്ടലോകം 28
ആരോഗ്യചിന്തകൾ 29
നിങ്ങൾക്കറിയാമോ? 31
കുടുംബസമ്മേളനങ്ങൾ 32
കളറിംഗ് മത്സരം 33
മകനേ !നിനക്ക് വേദനിച്ചുവോ? 35
ബൈബിൾ കലണ്ടർ 36



# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

ആഗസ്റ്റ് 2014

| തിയ്യതി | ഇടവക ഡയറി - ആഗസ്റ്റ് 2014 | സമയം |
|---|---|---|
| 01 | നവവാരാചരണം - 5-ാം വെള്ളി, മാസാദ്യ വെള്ളി | |
| 02 | ഹോളിവോയ്സ് കമ്മിറ്റി മീറ്റിങ്ങ്<br>കേരള ലേബർ മൂവ്മെന്റ് മീറ്റിംഗ് | 8.00 a.m.<br>3.00 p.m. |
| 03 | കൈത്താക്കാലം - 2-ാം ഞായർ<br>കുടുംബകൂട്ടായ്മ കേന്ദ്ര സമിതി എക്സിക്യൂട്ടിവ്<br>സി.എൽ.സി. മീറ്റിംഗ്<br>മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കുള്ള സെമിനാർ | 8.00 a.m.<br>11.00 a.m.<br>2.00 p.m. |
| 08 | നവവാരാചരണം - 6-ാം വെള്ളി | |
| 09 | അൾത്താരസംഘം മീറ്റിംഗ്<br>മാതൃസംഘം മീറ്റിംഗ് | 8.00 a.m.<br>3.00 p.m. |
| 10 | കൈത്താക്കാലം 3-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m. |
| 15 | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ<br>ഭാരത സ്വാതന്ത്ര്യദിനം<br>കടമുള്ള ദിവസം<br>നവവാരാചരണം 7-ാം വെള്ളി | |
| 16 | സ്കൂൾ കമ്മിറ്റി മീറ്റിംഗ് | 7.30 p.m. |
| 17 | കൈത്താക്കാലം 4-ാം ഞായർ<br>മാർഗ് (MARG) മീറ്റിംഗ്<br>ആരോഗ്യ ബോധവത്ക്കരണ ക്ലാസ് | 8.00 a.m.<br>2.30 p.m. |
| 22 | നവവാരാചരണം 8-ാം വെള്ളി | |
| 23 | ഡവലപ്പ്മെന്റ് കമ്മിറ്റി മീറ്റിങ്ങ് | 7.30 p.m. |
| 24 | കൈത്താക്കാലം 5-ാം ഞായർ<br>ഫ്രാൻസിസ്കൻ അൽമായ സമൂഹം മീറ്റിംഗ് | 8.00 a.m. |
| 29 | നവവാരാചരണം 9-ാം വെള്ളി<br>വാ. എവുപ്രാസിയമ്മയുടെ തിരുനാൾ | |
| 30 | ഉണ്ണി മിശിഹാ കപ്പേളയിൽ നൊവേന | 5.30 p.m. |
| 31 | കൈത്താക്കാലം 6-ാം ഞായർ<br>രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഇടയ സന്ദർശനം<br>മെഡിക്കൽ ക്യാമ്പ് | 7.00 a.m.<br>8.30 a.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

# എഡിറ്റോറിയൽ



പ. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ദിനമാണല്ലോ ആഗസ്റ്റ്15. സ്നേഹത്തിന്റെയും സഹനത്തിന്റെയും ഉത്തുംഗമാതൃകയായ പ. അമ്മയുടെ ജീവിതം ഇരുളടഞ്ഞ നമ്മുടെ ജീവിതവഴികളിൽ, എന്നും നമുക്ക് വെളിച്ചമായിതീരട്ടെ. 2014 ആഗസ്റ്റ്15 ഭാരതത്തിന്റെ 68-ാം സ്വാതന്ത്ര്യദിനമാണ്. ഏവർക്കും തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു. ലക്ഷക്കണക്കിനു ദേശസ്നേഹികളുടെ ത്യാഗോജ്വലങ്ങളായ പോരാട്ടങ്ങളുടെ ഫലമാണ് നമുക്ക് ലഭിച്ച സ്വാതന്ത്ര്യം. ഈ പോരാട്ടത്തിൽ ജീവൻ ബലി അർപ്പിക്കേണ്ടി വന്നവർക്കും വിവരാണാതീതമായ ദുരിതങ്ങൾ സഹിച്ചവർക്കും സ്വാർത്ഥ മോഹങ്ങളുണ്ടായിരുന്നില്ല. ഒരേയൊരുലക്ഷ്യം മാത്രം. ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യം. ഈയൊരുലക്ഷ്യത്തിനായി അവർ തങ്ങളെതന്നെ സമർപ്പിക്കുകയായിരുന്നു. ഇന്നത്തെ തലമുറ അവരുടെ ത്യാഗം മറന്നുവോ? സ്വന്തം താൽപര്യസംരക്ഷണത്തിനായി എന്തു മാർഗ്ഗവും സ്വീകരിക്കുന്നവരല്ലേ നാം പലപ്പോഴും? തൊട്ടടുത്ത് താമസിക്കുന്നവരെപോലും അറിയാത്തവരായി നാം മാറി. അപരന്റെ വേദനകൾ പങ്കുവെയ്ക്കാനും, അവനെ സഹായിക്കാനും നമുക്ക് സമയവും താൽപര്യവുമില്ല. നിന്നെപോലെ നിന്റെ അയൽക്കാരനെയും സനേഹിക്കുക എന്ന് ക്രിസ്തുനാഥൻ പറഞ്ഞിട്ടുണ്ടല്ലോ. നല്ല സമരിയക്കാരന്റെ മനോഭാവം സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം. പാലസ്തീനായിലെ ഗാസയിലും, ഇറാഖിലും, മറ്റും യുദ്ധങ്ങളിലും ബോംബു സ്ഫോടനങ്ങളിലും, മരിച്ചുവീഴുകയും മുറിവേൽക്കുകയും ചെയ്യുന്ന നിരപരാധികളുടെ നിലവിളി നമ്മുടെ കാതുകൾ കേൾക്കേണ്ടതുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ, ചർച്ചകളിലൂടെ പരിഹരിക്കാനുള്ള കൃപ രാഷ്ട്രനേതാക്കൾക്ക് നൽകണേ എന്നും യുദ്ധങ്ങളില്ലാത്ത ഒരു ലോകത്തിനു വേണ്ടിയും കുരിശുമുത്തപ്പനോട് നമുക്ക് പ്രാർത്ഥിക്കാം. ഈ നാടിന്റെ മഹോത്സവമായ കുരിശുമുത്തപ്പന്റെ തിരുനാളിന്റെ കേളികൊട്ടാരംഭിച്ചിരിക്കുന്നു. തിരുനാൾ ഭംഗിയാക്കുവാൻ നാടൊരുങ്ങുകയാണ്. വിവിധ കമ്മിറ്റികൾ ഈ ലക്ഷ്യത്തിനായി അശ്രാന്ത പരിശ്രമം തുടങ്ങിക്കഴിഞ്ഞു. നമുക്കും അവരോടൊപ്പം ചേരാം. തിരുനാൾ നവ-വാര ശുശ്രൂഷകൾ അടക്കമുള്ള തിരുക്കർമ്മങ്ങളിലെ ഇടവക സമൂഹത്തിന്റെ പങ്കാളിത്തത്തിന്റെ ശോഭ സമീപ ഇടവകകളിലേക്കും പടരേണ്ടതുണ്ട്. മാപ്രാണം തീർത്ഥാടന ദൈവാലയത്തിന്റെ മഹത്വം ഇനിയും കൂടുതൽ പേർ അറിയാനിടവരട്ടെ എന്ന് കുരിശുമുത്തപ്പനോട് നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒന്നിച്ചാഘോഷിക്കുന്ന പൊൻ സുദിനമാണല്ലോ ആഗസ്റ്റ് 15. നശ്വരമായ ഈ ലോക ജീവിതത്തിന്റെ പരിമിതിക്കുള്ളിൽ നിന്ന് സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ നിത്യ ജീവിതത്തിലേക്കുള്ള യാത്രയായിരുന്നു പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുള്ള നമ്മുടെ മോചനമായിരുന്നു ഭാരത സ്വാതന്ത്ര്യം. വിശുദ്ധമായ ഈ ഓർമ്മകളിൽ നമുക്ക് നമ്മുടെ ജീവിതത്തെ എപ്രകാരം ധന്യമാക്കാം എന്നാണ് ചിന്തിക്കേണ്ടത്.

പാപരഹിതയായി ജനിച്ച്, നിത്യനിർമ്മലയായി ജീവിച്ച്, ദൈവത്തിന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ട്, യേശുവിനോടൊപ്പം രക്ഷണീയ കർമ്മത്തിൽ ത്യാഗത്തോടെ സന്തോഷപൂർവ്വം പങ്കുചേർന്ന് സമ്പൂർണ്ണ സമർപ്പണം നടത്തി, അപ്പസ്തോലന്മാർക്കു ധൈര്യം പകർന്ന് അവരെ പ്രാർത്ഥനയിൽ വളർത്തി, ആദിമ ക്രൈസ്തവ സമൂഹത്തിന് മാതൃക നൽകി, നിത്യപിതാവിന്റെ മഹത്വത്തിലേയ്ക്ക് സംവഹിക്കപ്പെട്ടവളാണ് പരിശുദ്ധ കന്യകാമറിയം. ദൈവം ദാനമായി നൽകിയ ജീവിതം സ്വീകരിച്ച് ഈ ലോകത്തിൽ ജീവിക്കുവാൻ ഭാഗ്യം ലഭിച്ച നമ്മളും പരിശുദ്ധ അമ്മയെപ്പോലെ ദൈവഹിതം ജീവിക്കുക എന്നുള്ളതും നിത്യ മഹത്വത്തിന് അവകാശികളാകുക എന്നുള്ളതുമാണ് നമ്മുടെ ലക്ഷ്യം. എന്നാൽ മനുഷ്യൻ തന്റെ ദൈവികതയും കടമകളും മറന്ന് വെറും മനുഷ്യനായി സ്വാർത്ഥതയുടെ ആൾരൂപമായി മാറുന്നു. അങ്ങിനെ ദൈവിക ചൈതന്യം നഷ്ടപ്പെട്ട മനുഷ്യർ ഒന്നിലും ഒരിക്കലും തൃപ്തരാ

കാതെ ജീവിക്കുന്നു. ഫലമോ, അവൻ തിന്മകളുടെ അടിമയാകുന്നു. സ്വാർത്ഥതയും അഹങ്കാരവും അവനെ വേട്ടയാടുമ്പോൾ സഹോദരങ്ങളെയും സ്വന്തമായിരിക്കുന്നവരേപ്പോലും ഉപേക്ഷിക്കുന്നു. ജീവിത കടമകൾ മറക്കുന്നു. അങ്ങിനെ അവൻ ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും തന്നിൽനിന്നുതന്നെയും അകലുന്നു. ഈ അവസ്ഥയിൽ നിന്ന് മോചനം പ്രാപിച്ചാൽ മാത്രമേ നമുക്ക് യഥാർത്ഥ മനുഷ്യരാകുവാൻ കഴിയൂ. മാമ്മോദീസായിലൂടെയും മറ്റുള്ള കൂദാശകളിലൂടെയും നമുക്ക് ലഭ്യമായിട്ടുള്ള കൃപയുടെ നിറവ് നമുക്ക് തിരിച്ചറിയാം. ദൈവവചനത്തിന്റെ ശക്തി ഉൾക്കൊണ്ട് ദൈവഹിതം തിരിച്ചറിഞ്ഞ് ദൈവമക്കളായി സഭയിൽ വളർന്ന് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി നന്മയുടെ സാക്ഷികളായി മാറാം നമുക്ക്.

നമ്മുടെ സമ്പത്തും കഴിവും നമുക്കു മാത്രം അവകാശപ്പെട്ടതല്ലെന്ന തിരിച്ചറിവ് നമുക്ക് നേടാം. പരിശുദ്ധ അമ്മയെപ്പോലെ ദൈവം ദാനമായി നൽകിയ എല്ലാ അനുഗ്രഹങ്ങളും സഹോദര നന്മയ്ക്ക് സഹായകമാകുംവിധം വളർത്തുവാനുള്ളതാണെന്നും നമുക്ക് പഠിക്കാം. എലിസബത്തിനെ സന്ദർശിച്ച് ശുശ്രൂഷിച്ചതുപോലെയും, കാനായിലെ കല്യാണവീട്ടിൽ ആ കുടുംബത്തിന്റെ ദുഃഖം മനസ്സിലാക്കി യേശുവിന്റെ മുൻപിൽ മാദ്ധ്യസ്ഥം നിന്നതുപോലെയും, കാൽവരിയാത്രയിലും കുരിശുമരണത്തിലും ഏറ്റവും വലിയ സഹനത്തിന്റെ സാക്ഷിയായതുപോലെയും നമ്മുടെ ജീവിതത്തെ നമുക്ക് ധന്യമാക്കാം.

ഭാരതം സ്വതന്ത്രയാണ് എന്നിരിക്കലും യഥാർത്ഥ സ്വാതന്ത്ര്യം ഇന്നും വളരെ അകലെയല്ലേ? നീതിനിഷേധവും അഴിമതിയും, അനീതിയും, ആക്രമണങ്ങളും, പീഡനങ്ങളും, ദാരിദ്ര്യവും നമ്മെ ഭയപ്പെടുത്തുകയല്ലേ? ഇങ്ങിനെയുള്ള സാഹചര്യങ്ങളുടെ ഒരുതരം അടിമത്വമല്ലെ ഇന്നും നമ്മുടെ നാട്ടിൽ നടക്കുന്നത്. ഇപ്രകാരമുള്ള ഈ അവസ്ഥയിൽനിന്ന് എന്ന് മോചിതരാകുമോ അന്നു മാത്രമേ ഭാരതം യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കു പ്രവേശിക്കൂ.

ആഗസ്റ്റ് 31 നമ്മുടെ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പോളി

കണ്ണൂക്കാടൻ പിതാവ് തന്റെ അജപാലന ശുശ്രൂഷയുടെ ഭാഗമായി, ഇടയ സന്ദർശനത്തിനായി നമ്മുടെ ദൈവാലയത്തിലേയ്ക്ക് വരികയാണ്. 5 വർഷത്തിലൊരിക്കൽ രൂപതാദ്ധ്യക്ഷൻ ഓരോ ഇടവകകയിലും നടത്തുന്ന ഔദ്യോഗിക സന്ദർശനമാണ് ഇടയസന്ദർശനം. രൂപതയുടെ ഔദ്യോഗിക തീർത്ഥാടനകേന്ദ്രവും കൂടിയായ നമ്മുടെ ഇടവക ദൈവാലയത്തിലേയ്ക്ക് അഭിവന്ദ്യ പിതാവിനെ നമുക്ക് സ്വാഗതം ചെയ്യാം. അന്നേദിവസം രാവിലെ 7 മണിക്ക് ഇവിടെ എത്തിച്ചേരുന്ന പിതാവിനെ നമുക്ക് സന്തോഷത്തോടെ സ്വീകരിക്കാം. പിതാവിനോടൊപ്പം ബലിയർപ്പിക്കാം, പ്രാർത്ഥിക്കാം.

നമ്മുടെ തിരുനാളിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. സെപ്തംബർ 5 മുതൽ 15വരെയുള്ള നവനാൾ ആചരണവും തിരുനാളും 21-ാം തിയ്യതിയിലെ നേർച്ച ഊട്ടും നമ്മുടെ ഇടവകയുടെ കൂട്ടായ്മയുടെയും ഒത്തൊരുമയുടെയും ഒരു സാക്ഷ്യമായിത്തീരണം. അതിനായി പ്രാർത്ഥനാപൂർവ്വം ഈ മാസത്തിൽ ഒരുങ്ങാം.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,
യേശുവിൽ സ്നേഹപൂർവ്വം,
**ഫാ. ജോസ് മാളിയേക്കൽ,**
വികാരി & റെക്ടർ

**വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ**

| | |
|---|---|
| 01-08-2014 | ഷാജു വാറുണ്ണി പുതുശ്ശേരി, പറപ്പൂക്കര |
| 08-08-2014 | ചാർളി അന്തോണി അരങ്ങൻ, മുംബൈ |
| 15-08-2014 | സീന അന്തോണി അരങ്ങൻ, മുംബൈ |
| 22-08-2014 | നക്ഷത്ര ഷൈൻ ചെറുവത്തൂർ, മുംബൈ |
| 29-08-2014 | അന്നമ്മ മാത്യു ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ, മാപ്രാണം |

## ഉപകാരസ്മരണ

കുരിശു മുത്തപ്പനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി

# രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഇടയസന്ദർശന പരിപാടികൾ

## 2014 ആഗസ്റ്റ് 31 ഞായർ

| | | |
|---|---|---|
| 07.00 a.m. | - | പിതാവിന് സ്വീകരണം, പേപ്പൽ പതാക ഉയർത്തൽ |
| 07.15 a.m. | - | സ്വാഗതം, നിലവിളക്കു തെളിയിക്കൽ |
| 07.30 a.m. | - | വി. കുർബ്ബാന, സന്ദേശം |
| 09.15 a.m. | - | സിമിത്തേരി സന്ദർശനം |
| 09.45 a.m. | - | 5 വയസിനു താഴെയുള്ള കുട്ടികൾക്കും, പ്രായമായവർക്കും,രോഗികൾക്കും ആശീർവ്വാദം |
| 10.00 a.m. | - | മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം |
| 10.30 a.m. | - | മതബോധന ക്ലാസ്സുകൾ |
| 11.00 a.m. | - | കുടുംബ കൂട്ടായ്മ ഭാരവാഹികളോടൊത്ത് |
| 11.30 a.m. | - | രണ്ടാമത്തെ കുർബ്ബാന |
| 11.45 a.m. | - | സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഭാരവാഹികളോടൊത്ത് |
| 12.15 p.m. | - | മതബോധന വിദ്യാർത്ഥികൾക്കു സന്ദേശം |
| 12.45 p.m. | - | മതബോധന അദ്ധ്യാപകരോടൊത്ത് |
| 01.00 p.m. | - | കിടപ്പു രോഗികൾക്ക് ആശീർവ്വാദവും ദിവ്യകാരുണ്യം നൽകലും |
| 02.00 p.m. | - | ഉച്ചഭക്ഷണം |
| 02.30 p.m. | - | വിശ്രമം- തുടർന്ന് കുടുംബകൂട്ടായ്മകളിൽ സന്ദർശനം |
| 03.00 p.m. | - | സെന്റ് ആന്റണീസ്, ഇൻഫന്റ് ജീസസ്, സെന്റ് മേരീസ് II |
| 03.30 p.m. | - | സെന്റ് ജോസഫ്, ഹോളിക്രോസ്, മദർ തെരേസ |
| 04.00 p.m. | - | സെന്റ് സെബാസ്റ്റ്യൻ, സെന്റ് ഗീവർഗീസ്, സെന്റ് ജോർജ് |
| 04.30 p.m. | - | സെന്റ് ജോൺ I, സെന്റ് ജോൺ II, സെന്റ് സേവ്യർ |
| 05.00 p.m. | - | സെന്റ് റോസ്, സെന്റ് അൽഫോൻസ, സെന്റ് മേരീസ് I |
| 06.00 p.m. | - | പ്രതിനിധിയോഗാംഗങ്ങളോടൊത്ത് |



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി.എം.ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".
(മത്താ. 4:19)

ഒരു ദിവസം പള്ളിയുടെ അടുത്തു താമസിക്കുന്ന തൻഡ്രൂയി (Tandroy) ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ വലിയൊരു ആഘോഷം! അന്വേഷിച്ചപ്പോൾ മനസ്സിലായി "മരിച്ചടക്കലിന്റെ" ആഘോഷമാണെന്ന്. മരിച്ചത് ഇന്നോ ഇന്നലെയോ അല്ല, മറിച്ച് ആറുമാസം മുമ്പ്. ഇത്രയും നാൾ ശവം വീടിനകത്തുതന്നെയായിരുന്നുവത്രേ. ഇപ്പോഴത്തെ ആഘോഷം മരിച്ചയാളെ അകലെയുള്ള സ്വന്തം ഗ്രാമത്തിലേക്ക് കൊണ്ടുപോയി സംസ്കരിക്കുന്നതിനുള്ള തയ്യാറെടുപ്പാണ്. മരം വഞ്ചിപോലെ തുരന്ന് അതിനുള്ളിൽ മരിച്ചയാളെ വച്ച് മറ്റൊരു മരം കൊണ്ടടച്ച് പശ വച്ചൊട്ടിക്കും. എന്നിട്ടതിൽ തുണികൊണ്ട് പൊതിഞ്ഞാണ് സൂക്ഷിക്കുക. ആദ്യ ദിവസങ്ങളിലെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ശേഷം, ബന്ധുക്കൾ സാധാരണ ജീവിതത്തിലേക്ക് മടങ്ങും. സംസ്കരിക്കേണ്ട സമയമാകുമ്പോൾ (ആറുമാസമോ ഒരു കൊല്ലമോ) വീണ്ടും ആഘോഷമായി.

അവരുടെ ഈ ആചാരവും ആഘോഷവും നൃത്തവും പാട്ടുമെല്ലാം വീഡിയോ ആക്കി കാണിച്ചപ്പോൾ അവർക്ക് എന്തൊരു സന്തോഷമായിരുന്നു! ക്യാമറയിലാക്കുന്ന അവസരത്തിൽ മരിച്ചയാളുടെ അടുത്തിരുന്നു, സദ്യയിൽ പങ്കുകൂടാൻ അവരെന്നെ ക്ഷണിച്ചു. ജലദോഷം മൂലം ഒഴിഞ്ഞുമാറിയപ്പോൾ, അവരെന്നെ ഒരു കുടിലിലേക്ക് ക്ഷണിച്ച് എന്തെങ്കിലും കഴിച്ചു പോകാൻ നിർബന്ധിച്ചു. അങ്ങിനെയാകട്ടെ എന്നു പറഞ്ഞു ഞാൻ സമ്മതിച്ചു. അല്പം കഴിഞ്ഞപ്പോൾ വലിയൊരു പാത്രത്തിൽ കറി വന്നു, കാളയുടെ വലിയ എല്ലുകളും ഇറച്ചിയുമായി. നമ്മുടെ വായിൽ ഒതുങ്ങാത്ത വലുപ്പം അവക്കുള്ളതുകൊണ്ട് സായിപ്പിന്റെ രീതിയിൽ മുറിച്ചു കഴിക്കാൻ ചെറിയ കത്തി ഞാൻ ആവശ്യപ്പെട്ടു. കിട്ടിയതോ ഒരു വെട്ടുകത്തി. അതു വച്ച്, വേവിച്ച ഇറച്ചിക്കഷണം ചെറുതായി മുറിച്ചു ഭക്ഷിച്ച്, നന്ദി പറഞ്ഞു രക്ഷപ്പെട്ടു.

രോഗിയാകുമ്പോൾ വരുന്നു വാങ്ങുവാൻ കാശില്ലാതിരുന്നിട്ടും കാളയെ വിൽക്കുവാൻ മടിച്ച് മരിക്കുന്ന ആളുകളുടെ കാളകളെ, വീട്ടുകാരും നാട്ടുകാരും ആഘോഷമായി കൊന്നു ഭക്ഷിക്കുന്നതും, മരിച്ചയാളുടെ സ്വന്തക്കാർ കറുത്ത തുണി ചുറ്റി ഒരു വർഷം ദുഃഖം ആചരിക്കുന്നതും, മരിച്ചു പോയവർ വേറെയെവിടെയെങ്കിലും വീണ്ടും സാധാരണപോലെ ജീവിക്കു

ന്നുണ്ടാകും എന്നു വിശ്വസിക്കുന്നതും ഇവരുടെ ഇടയിലെ രീതികളാണ്.


ഫമദീഹന (Famadihana) : ലോകത്തിൽ വളരെ അപൂർവ്വമായി നടത്തുന്ന ഒരാചാരമാണിത്. ഇതുകൊണ്ടർത്ഥമാക്കുന്നത് മരിച്ചയാളുടെ ശരീരാവശിഷ്ടങ്ങൾ വീണ്ടും പുറത്തെടുത്ത് സംസ്കരിക്കുക എന്നതാണ്. ഇത് ഒന്നും രണ്ടും പ്രാവശ്യമല്ല, പല പ്രാവശ്യം. എല്ലാ ഗോത്രവർഗ്ഗക്കാരും ഇതു ചെയ്യുന്നില്ല. ചില ഗോത്രവർഗ്ഗക്കാരുടെ രീതിയനുസരിച്ച് ഒരു കുടുംബത്തിന് ഒറ്റ കല്ലറ മാത്രം. ഭൂമിയ്ക്കടിയിലോ, പകുതി പുറത്തായോ അല്ലെങ്കിൽ ഒരു വീടു പോലെയോ പണിതിരിക്കുന്ന ഈ കല്ലറയിൽ പല തട്ടുകളുണ്ടായിരിക്കും, തീവണ്ടിയിലെ ബർത്ത് പോലെ. ഈ തട്ടുകളിലാണ് തുണിയിൽ പൊതിഞ്ഞ് ശവശരീരങ്ങൾ സൂക്ഷിക്കുക. സാധാരണ ശവപ്പെട്ടികൾ ഇതിനുള്ളിൽ കടത്താറില്ല. നമ്മുടെ പള്ളികളിൽ പൊതുവായ ശവപ്പെട്ടികളുണ്ട്. അതുപയോഗിച്ച് ശവസംസ്കാരം നടത്തി ആവശ്യം കഴിയുമ്പോൾ അതു പള്ളിയിലേക്ക് തിരിച്ചു തരും. ഈട്ടിയോ തേക്കോ അന്വേഷിച്ച് ഇവിടെ ആരും നെട്ടോട്ടമോടാറില്ല.

തണുപ്പുകാലമായ ജൂൺ, ജൂലൈ മാസങ്ങളിലാണ് അധികവും "ഫമദീഹന" നടക്കാറുള്ളത്. കുടുംബങ്ങൾ ഒത്തുചേർന്ന് ആഘോഷമായി കല്ലറകൾ തുറന്ന് ശവശരീരങ്ങൾ പുറത്തെടുത്ത് പുതിയ തുണികളിൽ പൊതിഞ്ഞ് വീണ്ടും സംസ്കരിക്കും. ഇത്തരം അവസരങ്ങളിൽ ശവശരീരങ്ങൾ പുതിയ തുണികളിൽ പൊതിഞ്ഞ് നിരത്തിയിട്ടിരിക്കുന്നത് കാണുമ്പോൾ വലിയൊരു അപകടം കഴിഞ്ഞതിന്റെ അവസ്ഥയാണ് നമുക്കു തോന്നുക. അവർക്കാണെങ്കിൽ പെരുന്നാളിന്റെ അവസ്ഥ! ഇവിടത്തെ രീതിയിലുള്ള ഗാനമേളകളും സംഗീത നൃത്തങ്ങളും കലാപരിപാടികളും ആഘോഷത്തിന് മകുടം ചാർത്തുന്നു. ഉപജീവനാർത്ഥം ദൂരെ പോയി താമസിക്കുന്നവർ അവിടെ മരിച്ച് അടക്കപ്പെട്ടാലും പിന്നീട് അവരേയും ഈ കുടുംബകല്ലറകളിലേക്ക് കൊണ്ടുവരും. "VELONA IRAY TRANO, MATY IRAY FASANA"എന്നൊരു ചൊല്ലുണ്ടിവിടെ. ഒരു കുടുംബത്തിൽ ജീവിക്കുന്നവർ ഒരു കല്ലറയിൽ നിത്യ നിദ്ര പ്രാപിക്കും എന്നാണിതിനർത്ഥം.

വളരെയേറെ സാമ്പത്തിക ചിലവുള്ള ഒരാഘോഷമാണിത്. തലമുറകൾ കൂടി വരുമ്പോൾ അടുത്ത കുടുംബകല്ലറകൾ പണിതുയർത്തപ്പെടുന്നു. മക്കൾ വേറിട്ടു താമസിക്കുമ്പോൾ കാരണവന്മാരെ കൂടെ കൊണ്ടുവരുന്നതുപോലെ കല്ലറകളിലും ഈ മാറ്റിത്താമസം നടത്താറുണ്ട്. മക്കളുടെ കല്ലറകളിലേക്ക് പിതാവിന്റെ ശരീരം മാറ്റി സ്ഥാപിക്കാറുണ്ട്. മരിച്ചയാളെ തന്റെ സ്വന്തം ഗ്രാമത്തിലേക്ക് കൊണ്ടുപോകുമ്പോഴോ, പഴയ മൃതശരീരങ്ങൾ കുടുംബ കല്ലറയിലേക്ക് മാറ്റുമ്പോഴോ ദേശീയ പതാക കെട്ടിയ വണ്ടികളിലാണ് കൊണ്ടുപോകുക. കൊടി വച്ച വാഹനങ്ങൾ മന്ത്രിമാർക്ക് മാത്രമല്ല, ഏതു മരിച്ച സാധാരണക്കാർക്കും ഇവിടെ ഉപയോഗിക്കാം.

(തുടരും)

# എന്തു നല്ലമ്മ... എന്നുടെ അമ്മ



## കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം - ആഗസ്റ്റ് 15

**സി. ക്രിസറ്റ് FCC, മാപ്രാണം**

1950 നവംബർ 1-ാം തിയ്യതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ "മോനിഫിച്ചെന്തീസ്സീമൂസ് ദേവൂസ്" എന്ന തിരുവെഴുത്തിൽ ഇങ്ങനെ എഴുതിച്ചേർത്തു. "കന്യകാമറിയത്തിനു പ്രത്യേക വരങ്ങൾ നൽകി അനുഗ്രഹിച്ച സർവ്വ ശക്തനായ ദൈവത്തിന്റെ സ്തുതിക്കും, മരണത്തിന്റെയും പാപത്തിന്റെയും ജേതാവും നിത്യരാജാവുമായ അങ്ങേപുത്രന്റെ ബഹുമാനത്തിനും അവിടുത്തെ അമ്മയുടെ മഹത്വത്തിനും അഖിലസഭയുടെ ആനന്ദത്തിനും സന്തോഷത്തിനുമായി നമ്മുടെ കർത്താവീശോമിശിഹായുടേയും ഭാഗ്യപ്പെട്ട ശ്ലീഹൻമാരായ പത്രോസിന്റെയും പൗലോസിന്റെയും നമ്മുടെയും അധികാരത്തോടെ നാം പ്രസ്താവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. എപ്പോഴും കന്യകയും അമലോത്ഭവയുമായ ദൈവമാതാവ് ഭൗതികജീവിതാനന്തരം ശരീരത്തിന്റെയും ആത്മാവിന്റെയും മഹത്വത്തിലേക്ക് എടുക്കപ്പെട്ടുവെന്നത് ആവിഷ്കൃതമായ ഒരു സത്യമാകുന്നു."

ഈ നിർവ്വചനത്തിൽ മറിയം മരിച്ചുവെന്ന് പറയുന്നില്ല. എന്നാൽ സാധാരണയായി കരുതുന്നത് വി.ജോൺ ഡമസീൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുപ്പോലെ മറിയം സമാധാനത്തിൽ മരിച്ചുവെന്നും മൂന്നാം ദിവസം ശരീരവും ആത്മാവും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നും മരണസമയത്ത് തോമാശ്ലീഹാ ഒഴികയുള്ള എല്ലാ അപ്പസ്തോലന്മാരും ദൈവമാതാവിന്റെ മുറിയിലുണ്ടായിരുന്നുവെന്നും തോമാശ്ലീഹ എത്തിയതിനുശേഷം കുഴിമാടം തുറന്നുനോക്കിയപ്പോൾ അത് ഒഴിഞ്ഞുകിടന്നിരുന്നുവെന്നും പറയപ്പെടുന്നു. പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും അഞ്ചാം ശതാബ്ദമോ ആറാം ശതാബ്ദമോ മുതൽ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷമായി കൊണ്ടാടിയിരുന്നു. 13-ാം ശതാബ്ദത്തിൽ ജപമാല ചൊല്ലിത്തുടങ്ങിയപ്പോൾ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെ പറ്റി പ്രതിപാദിക്കുകയുണ്ടായി. പലരാജ്യങ്ങളിലും പണ്ടു മുതൽക്കുതന്നെ ഈ തിരുനാൾ കടമുള്ള ദിവസമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുനാളും യോജിച്ചുവന്നതുകൊണ്ട് ഈ തിരുനാൾ ആഘോഷിക്കാനും, ഭാരതമാതാവിനുവേണ്ടി പ. അമ്മയോട് പ്രാർത്ഥിക്കാനും സൗകര്യം സിദ്ധിച്ചിരിക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം "സ്വർല്ലോകരാജ്ഞി, അങ്ങ് ആഹ്ളാദിക്കുക. അങ്ങയുടെ തിരുസുതനെപ്പോലെ അങ്ങും യഥാർത്ഥ ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളിയിരിക്കയാണല്ലോ. സ്വർഗ്ഗത്തെ ലക്ഷ്യംവച്ചുജീവിക്കാൻ ഞങ്ങൾക്ക് വരം തരണമെ". ഭാരതസഭയുടെ രാജ്ഞി, ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണമേ.

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**

**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

# വിശുദ്ധരുടെ ജീവിതത്തിലൂടെ...

## ലീമായിലെ വി. റോസ (ആഗസ്റ്റ് 23)

സി. ഡെൽസ മരിയ FCC,
മാപ്രാണം





ലീമാ നഗരം. തെക്കേ അമേരിക്കയിലെ പെറു രാജ്യത്തിന്റെ തലസ്ഥാനമാണിത്. രണ്ടു വിശുദ്ധാത്മാക്കൾക്ക് ജന്മം നൽകുവാൻ കഴിഞ്ഞതുവഴി ഈ നഗരം പവിത്രമായിത്തീർന്നു. വി. മാർട്ടിൻ ഡി പോറസും റോസാ പുണ്യവതിയുമാണ് ആ പവിത്ര കുസുമങ്ങൾ.

1586 ഏപ്രിൽ 20-ാം തിയ്യതി കർഷക ദമ്പതികളായ ഗാസ്പർ ഫ്ളോറൻസിനും മേരി ഒലിവയ്ക്കും ഒരു പെൺകുഞ്ഞ് ജനിച്ചു. ഇസബെൽ എന്ന പേരാണ് ആ സുന്ദരിക്കുട്ടിയ്ക്ക് ജ്ഞാനസ്നാന സമയത്ത് നൽകിയത്. ഒരു ദിവസം കുഞ്ഞ് തൊട്ടിലിൽ ഉറങ്ങുകയായിരുന്നു. കുഞ്ഞിനെ കാണുവാനായി അവിടെയെത്തിയ സുഹൃത്തുക്കളും ബന്ധുക്കളും കുഞ്ഞിന്റെ മുഖത്ത് ഒരു റോസാപൂവിന്റെ അടയാളം ദർശിച്ചു. അവരെല്ലാവരും അത്ഭുതപ്പെട്ടു. ഈ സംഭവമാണ് കുഞ്ഞിനെ റോസ എന്ന് വിളിക്കാൻ മാതാപിതാക്കൾക്ക് പ്രേരണയായത്. അങ്ങനെ റോസ എന്ന ഓമനപേരിൽ അവൾ അറിയപ്പെട്ടു.

കുഞ്ഞുറോസിന്റെ ബാല്യകാലം സന്തോഷപ്രദമായിരുന്നു. മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ അച്ചടക്കത്തിലും ദൈവവിശ്വാസത്തിലും വളർത്തി. സ്കൂൾ വളരെ അകലെയായിരുന്നതിനാൽ സ്കൂളിൽ പോകാൻ കുഞ്ഞുറോസിന് സാധിച്ചിരുന്നില്ല. ഉണ്ണീശോയെ നോക്കി കുഞ്ഞുറോസ് ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. ''എന്റെ ഉണ്ണീശോയെ, അങ്ങയെ അറിയുവാനും സ്നേഹിക്കുവാനും എന്നെ പഠിപ്പിക്കണമേ. വായിക്കാനും എഴുതാനും കൂടി എന്നെ പഠിപ്പിക്കണമേ''. ഒരു ദിവസം കുറേ നേരം ഇങ്ങനെ പ്രാർത്ഥിച്ചതിനുശേഷം കളിക്കാനായി മുറ്റത്തിറങ്ങിയ റോസ് സഹോദരൻ ഫെർഡിനാന്റിനെ പലവട്ടം ഉറക്കെ വിളിച്ചു. യാതൊരനക്കവും ഉണ്ടായില്ല. സങ്കടപ്പെട്ടിരുന്ന റോസിന്റെ അരികിലേക്ക് ഒരു കോമള ബാലൻ എത്തി, ചോദിച്ചു. ''എന്താ നീയിങ്ങനെ ദുഃഖിതയായിരിക്കുന്നത്? ഞാൻ

വരാം നിന്റെ കൂടെ കളിക്കാൻ". അങ്ങനെ കൂടെ കളിക്കുകയും താമസി യാതെ വായിക്കാനും എഴുതാനും പഠിപ്പിക്കുകയും ചെയ്തു. ബാലൻ പോകാൻ ഒരുങ്ങിയപ്പോൾ നിന്റെ പേരെന്താണ് എന്ന റോസിന്റെ ചോദ്യ ത്തിന് "റോസിന്റെ ഉണ്ണീശോ" എന്നുപറഞ്ഞ് അപ്രത്യക്ഷനായി എന്നാണ് പറയുന്നത്. അന്നു മുതൽ ഉണ്ണിശോ അവളുടെ കളിത്തോഴനായി മാറി.

വിനയവും വിശുദ്ധിയും നിറഞ്ഞ അമാനുഷികമായ സൗന്ദര്യം അവ ളിൽ വിളങ്ങിയിരുന്നു. സുഗന്ധവാഹിനിയായ ഒരു സുന്ദര റോസാപൂവു പോലെ വളർന്ന അവളുടെ ശക്തികേന്ദ്രം വി. കുർബ്ബാനയായിരുന്നു. കന്യ കളുടെ മണവാളനായ ദൈവം ദിവ്യകാരുണ്യമായി ഹൃദയത്തിലെഴുന്നു ള്ളിവരുന്നത് പരിശുദ്ധിയിൽ ജീവിക്കാൻ അവൾക്ക് ഉണർവ്വേകി.

റോസിന്റെ ആത്മീയ ഗുരുവായ അലൻസോ അച്ചന്റെ അംഗീകാര ത്തോടെ ഡൊമനിക്കൻ മൂന്നാം സഭയുടെ സന്യാസവസ്ത്രം ധരിച്ച് റോസ് സ്വഭവനത്തിൽ തന്നെ താമസിച്ചു. പ്രാർത്ഥനയിലും തപസ്സിലും പ്രായശ്ചി ത്തത്തിലും അവൾ ജീവിച്ചു. ആഴ്ചയിൽ മൂന്ന് ദിവസം ഉപവസിക്കും. റൊട്ടിയും വെള്ളവുമായിരുന്നു ഭക്ഷണം. രാത്രിയുടെ യാമങ്ങളിൽ എല്ലാ വരും കൂർക്കം വലിച്ചുറങ്ങുമ്പോൾ മണലിൽ മുട്ടുകുത്തിയും കൈവി രിച്ചുപിടിച്ചും കൈവെള്ളയിൽ മുട്ടുകുത്തിയും പ്രാർത്ഥിക്കുന്നത് അവൾക്ക് വളരെ സന്തോഷമായിരുന്നു. ആരുമറിയാതെ, ആരാലുമറിയപ്പെടാതെ നിശ ബ്ദമായി പ്രാർത്ഥിക്കുക. മൗനം, ഏകാന്തത, ഉപവാസം, പ്രാർത്ഥന, പരസ്നേഹം തുടങ്ങി, ആത്മീയതയുടെ അടിസ്ഥാനഘടകങ്ങളുടെ വിളനി ലമായിരുന്നു റോസ്. താമസിയാതെ റോസ് ക്ഷയരോഗത്തിനടിമയായി. വിദഗ്ദ്ധമായ ചികിൽസ നൽകാൻ റോസിന്റെ മാതാപിതാക്കൾക്ക് സാധി ച്ചിരുന്നില്ല. എങ്കിലും എല്ലാം സന്തോഷത്തോടും ആനന്ദത്തോടും കൂടി റോസ് സ്വീകരിച്ചു. അവളുടെ ഏകസന്തോഷം ഈശോമാത്രമായിരുന്നു. മണിക്കൂറുകളോളം ഈശോയുടെ കൂടെയായിരിക്കുന്നതിൽ അവൾ സന്തോഷം കണ്ടെത്തി. മരണത്തിന്റെ വിനാഴികയിലും "എന്റെ ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു"എന്നു മന്ത്രിച്ചുകൊണ്ട് അവൾ മരിച്ചു.

പരിശുദ്ധിയുടെ പനിനീർ കുസുമമായ റോസയെ യുവത്വങ്ങളുടെ മാതൃ കയും മധ്യസ്ഥയുമായി ദൈവം ഉയർത്തി. ആഗസ്റ്റ് 23-ാം തിയ്യതി വിശുദ്ധ റോസയുടെ തിരുനാൾ തിരുസഭയിൽ ആചരിച്ചു പോരുന്നു.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**L.P. വിഭാഗം**

**ഹന്ന മേരി വർഗീസ്**

പടമാടൻ വീട്,

സെന്റ് മേരീസ് യൂണിറ്റ് I,

മതബോധനം III





**U.P. വിഭാഗം**

**റിയ റോയ്**

നായങ്കര വീട്,

സെന്റ് ജോർജ്ജ് യൂണിറ്റ്

മതബോധനം V B

ബാലപംക്തി

# വെന്തെരിഞ്ഞ കൊച്ചു ബാലിക



ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

കൂട്ടുകാർ ലോകമഹായുദ്ധങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടോ? 1914നും 1918നും മദ്ധ്യേ നടന്ന അതിഭീകരവും വിനാശകരവുമായ യുദ്ധമായിരുന്നു ഒന്നാം ലോകമഹായുദ്ധം. ഈ യുദ്ധത്തെ തുടർന്ന് ലോക സമാധാനം സംരക്ഷിക്കുന്നതിനായി സർവ്വരാഷ്ട്രസമിതി എന്ന സംഘടന രൂപീകരിച്ചു. ഇതിന്റെ പരാജയത്തെതുടർന്ന് 1939 – 1945 കാലഘട്ടത്തിൽ രണ്ടാം ലോകമഹായുദ്ധം നടന്നു. ഈ യുദ്ധത്തിന്റെ അവസാനം 1945 ആഗസ്റ്റ് 6–ന് ജപ്പാനിലെ ഹിരോഷിമയിലും ആഗസ്റ്റ് 9ന് നാഗസാക്കിയിലും അമേരിക്ക അണുബോംബ് വർഷിച്ചു. എൺപതിനായിരത്തോളം പേർ ഉടനടി മരിച്ചു. ലക്ഷക്കണക്കിന് പേർക്ക് അണുവികിരണമേറ്റു. സഡാക്കോ എന്ന കൊച്ചുബാലികയുടെ ജീവിതം ഈ അണുവികിരണത്തിന്റെ അനന്തരഫലമായിരുന്നു.

ഹിരോഷിമ കത്തിയെരിയുമ്പോൾ സഡാക്കോയ്ക്ക് രണ്ടു വയസായിരുന്നു പ്രായം. വർഷങ്ങൾക്ക് ശേഷം 12–ാം വയസ്സിലാണ് അവൾക്ക് രക്താർബുദം പിടിപ്പെട്ടത്. ആണവ സ്ഫോടനത്തിന്റെ ഫലമായുണ്ടായ വികിരണമായിരുന്നു രോഗകാരണം. സ്ക്കൂളിലെ മിടുക്കിയായ ആ ഓട്ടക്കാരി ഗ്രൗണ്ടിൽ കുഴഞ്ഞുവീണു. ചികിൽസക്കായി ആശുപത്രിയിൽ കഴിയുമ്പോഴാണ് ഒരു കൂട്ടുകാരി ജപ്പാനിലെ ഒരു നാട്ടുവിശ്വാസത്തെക്കുറിച്ച് അവളോട് പറഞ്ഞത്. "കടലാസുകൊണ്ടു ആയിരം കൊക്കുകളെ ഉണ്ടാക്കിയാൽ ഏതാഗ്രഹവും സാധിച്ചു കിട്ടും" എന്നായിരുന്നു വിശ്വാസം. ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള ആഗ്രഹത്തോടെ സഡാക്കോ കൊക്കുകളെയുണ്ടാക്കാൻ തുടങ്ങി. എന്നാൽ, 644 കൊക്കുകളെ മെനഞ്ഞ്തീർത്തപ്പോഴെക്കും 1955 ഒക്ടോബർ 25ന് അവൾ മരണത്തിന് കീഴടങ്ങി.

സഡാക്കോയുടെ ഒരു കൂട്ടുകാരി ഓർമ്മക്കുറിപ്പിൽ ഇങ്ങനെ എഴുതി. "എന്തുകൊണ്ട് ഈ മുതിർന്നവർ ഇത്ര നിർവികാരമായി കുട്ടികൾ മരിക്കുന്നതിനെക്കുറിച്ചുള്ള വാർത്തകൾ വായിക്കുന്നു. എനിക്കു നിശ്ശബ്ദയായിരിക്കാനാവില്ല. ലോകത്തോടു മുഴുവൻ വിളിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു. ആറ്റം ബോബുകളും ഹൈഡ്രജൻ ബോംബുകളും ഇനി നമുക്കു വേണ്ട".

രോഗക്കിടക്കയിൽ സഡാക്കോ കൂട്ടുകാർക്കെഴുതിയ കത്തുകളൊക്കെ കൂട്ടിച്ചേർത്ത് "കൊക്കേഷി" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. കൂട്ടുകാർതന്നെ പണം സ്വരൂപിച്ച് ഹിരോഷിമ സമാധാന പാർക്കിൽ അവളുടെ ഒരു പ്രതിമയും സ്ഥാപിച്ചു. ഒരു കൊക്കിനെ ഉയർത്തി പിടിച്ചു നിൽക്കുന്ന കൊച്ചുസഡാക്കൊയുടെ രൂപം. അതിനു താഴെ അവർ എഴുതി വെച്ചു.

# ഞാൻ വളരുകയല്ലേ മമ്മീ...



മേരി ജോർജ്ജ് പള്ളിത്തറ

കുറച്ചുകാലം മുൻപ് നാം കണ്ടിട്ടുള്ള ടി.വി. പരസ്യത്തിലെ ഈ വരികൾ നമുക്കൊക്കെ സുപരിചിതമാണ്. അതെ, നമ്മുടെ കുഞ്ഞുങ്ങൾ വളരുകയാണ്. നമ്മുടേതിൽ നിന്ന് വിഭിന്നമായ സ്വഭാവ രീതികളിലേക്ക്, ഭക്ഷണശീലങ്ങളിലേക്ക്, കാഴ്ചയുടെ അഭിരുചികളിലേക്ക്. ധ്രുതഗതിയിലുള്ള ഈ മാറ്റങ്ങൾ നമ്മെ സന്തോഷിപ്പിക്കുകയും ചിലപ്പോൾ അമ്പരപ്പിക്കുകയും ചെയ്യും. ഇവ മൂലം അസ്വസ്ഥരായിത്തീരുന്ന ധാരാളം മാതാപിതാക്കളെ നമ്മുടെ ഇടയിൽ കാണുന്നില്ലേ?

ഹൈപ്പർ ടെൻഷൻ, ഹൈപ്പർ ആക്ടിവിറ്റി, ഡിപ്രഷൻ, അനിയന്ത്രിതമായ ദ്വേഷ്യം തുടങ്ങിയ പ്രശ്നങ്ങളുമായി കുട്ടികളേയുംകൊണ്ട് മനഃശാസ്ത്രജ്ഞന്മാരുടേയും മനോരോഗവിദഗ്ധന്മാരുടേയും അടുക്കലേക്കോടുന്ന മാതാപിതാക്കളുടെ എണ്ണം കൂടിക്കൂടി വരികയാണെന്ന് സർവ്വേകൾ വെളിപ്പെടുത്തുന്നു. അക്രമവാസനയുള്ള ധാരാളം കുട്ടികളെ നാം കാണുന്നില്ലേ? ആരാണതിനുത്തരവാദി? കംപ്യൂട്ടർ, മൊബൈൽ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ നമ്മുടെ കുട്ടികളുടെ സ്വൈരവിഹാരത്തിന് വിട്ടുകൊടുക്കുന്ന നമ്മൾ മാതാപിതാക്കൾ തന്നെയല്ലെ പ്രതിസ്ഥാനത്ത്? വിവേകമോ വിവേചനശക്തിയോ ഇല്ലാത്ത പെരുമാറ്റം, എന്തിനെയും അന്ധമായി അനുകരിക്കാനുള്ള പ്രവണത, ഇതൊക്കെ ഇന്നത്തെ ബാല്യ കൗമാര യൗവ്വനങ്ങളുടെ പ്രത്യേകതകളാണ്. വി. ബൈബിൾ പറയുന്നു. "ബാല്യത്തിൽ തന്നെ നടക്കേണ്ട വഴി ശീലിപ്പിക്കുക" എന്ന്. കുട്ടികളുടെ ഭക്ഷണം, വസ്ത്രം, പെരുമാറ്റം എന്നിവയിലൊക്കെ വിവേകപൂർണ്ണമായ നിയന്ത്രണം മാതാപിതാക്കൾക്ക് ഉണ്ടായിരിക്കട്ടെ. നന്മപോലെത്തന്നെ തിന്മയും വർദ്ധിച്ചുവരുന്നു എന്ന് നാം മനസ്സിലാക്കി ആധുനികതയെ അതിന്റെ നന്മയോടുകൂടി സ്വീകരിക്കുവാൻ നാം കുഞ്ഞുങ്ങളെ ശീലിപ്പിക്കണം. അതിനായി മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. അതിനുവേണ്ടി സമയം കണ്ടെത്തുക.

---

**ബാലപംക്തി (തുടർച്ച)**

"ഇതാണു ഞങ്ങൾക്ക് പറയാനുള്ളത്, ഇതാണു ഞങ്ങൾക്ക് പ്രാർത്ഥിക്കാനുള്ളത്. ലോകത്തു സമാധാനം ഉണ്ടാകണമേ....." കവികൾ, ചിത്രകാരൻമാർ, ചലച്ചിത്രകാരൻമാർ, കുട്ടികൾ, യുദ്ധവിരുദ്ധ സമാധാന പ്രവർത്തകർ........ യുദ്ധത്തിനെതിരായി ശബ്ദിക്കുന്നവരുടെ കണ്ണികൾ നീളുകയാണ്. പാലസ്തീൻ കവിയായ നസിം ഹിക്മത്ത് യുദ്ധത്തിനെതിരെ എഴുതിയ കവിതയാണ് "വെന്തെരിഞ്ഞ കൊച്ചു ബാലിക". നമുക്കും പ്രാർത്ഥിക്കാം, ലോകത്തു സമാധാനം ഉണ്ടാകണമേ.

# മാർഗ് ഭരണസമിതി അംഗങ്ങൾ



സെബി കളളാപറമ്പിൽ
സെക്രട്ടറി



ഫാ. ജോസ് മാളിയേക്കൽ
പ്രസിഡന്റ്



ജെയിംസ് നെല്ലിശ്ശേരി
വൈസ് പ്രസിഡണ്ട്



ഷാജൻ പള്ളിത്തറ
ജോ. സെക്രട്ടറി



ജിജിമോൻ കുവ്വാപറമ്പിൽ
ട്രഷറർ



ജോസ് ചെങ്ങാലൂക്കാരൻ
എക്സി. അംഗം



അനൂപ് ബേബി അറയ്ക്കൽ
എക്സി. അംഗം



സൈമൺ ചാക്കോര്യ
എക്സ് ഒഫീഷ്യോ



ജോസഫ് കാച്ചപ്പിള്ളി
എക്സി. അംഗം

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | ചക്രംപുള്ളി | സാജൻ+മാർഗരറ്റ് | ഇതൻ (പോൾ ആന്റണി) | 1 9 – 01 – 2014 | 19 – 07 – 2014 |
| ഒല്ലൂർ | പുളിക്കൻ | ജോജോ+ട്രീസ മെസ്സി | കെയ്ൻസ് (ജോസി) | 27 – 03 – 2014 | 19 – 07 – 2014 |
| മാപ്രാണം | തേലപ്പിള്ളി പാറേമൽ | മിൽസൻ+ബിജി | അന്റോണിയോ | 22 – 04 – 2014 | 13 – 07 – 2014 |

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചിറയത്ത് അറയ്ക്കൽ ആന്റണി ഭാര്യ മേരി | 25 – 06 – 2014 | സെന്റ് ജോർജ് |

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

കാരുണ്യ ചികിൽസാ സഹായനിധിയെക്കുറിച്ചുള്ള ചില വിവരങ്ങളാണ് ഈ ലക്കത്തിലെ പ്രതിപാദ്യം. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നും ലഭിയ്ക്കുന്ന വരുമാനം ഉപയോഗിച്ച് ചികിൽസാ ധനസഹായം നൽകുന്ന പദ്ധതിയാണിത്.മൂന്ന് ലക്ഷംവരെ വാർഷികവരുമാനമുള്ള കുടുംബങ്ങൾക്ക് രണ്ടു ലക്ഷം രൂപ വരെ ചികിൽസാസഹായം ഈ പദ്ധതിയിലൂടെ ലഭിയ്ക്കും. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. ഹൃദയസംബന്ധമായ രോഗങ്ങൾ, തലച്ചോർ, കരൾ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിസ്റ്റോണിയൽ ഡയാലിസിസ്, കാൻസർ, സ്വാന്തനചികിൽസ, മാരകമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷ്മനാഡി രോഗങ്ങൾ, ഇവക്കൊക്കെ ഈ പദ്ധതിയിൽ നിന്ന് സഹായം ലഭിയ്ക്കുന്നതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ഫോറം-4 ൽ ആശുപത്രിയിൽ നിന്നുള്ള എസ്റ്റിമേറ്റ് ഓഫ് എകസ്പെൻഡിച്ചർ, റേഷൻകാർഡിന്റെ 1,2,3,22 പേജുകളുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ, രോഗി താമസിക്കുന്ന വീടിനു മുന്നിൽനിന്നും എടുത്ത കളർ കുടുംബഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ജില്ലാ ഭാഗ്യക്കുറി ആഫീസർക്കാണ് നൽകേണ്ടത്. തുക ആശുപത്രിയിലേയ്ക്കാണ് അനുവദിച്ച് നൽകുക.

ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്കും ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിൽസയ്ക്ക് തിയ്യതി നിശ്ചയിച്ചിട്ടുള്ളവർക്കും അപേക്ഷിയ്ക്കാവുന്നതാണ്. ഒരു കുടുംബത്തിലെ ഒന്നിലധികംപേർക്കും അപേക്ഷിയ്ക്കാവുന്നതാണ്. എന്നാൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഇ.എസ്.ഐ. ആനുകൂല്യം ഉള്ള സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാർ, ആദായനികുതി നൽകുന്നവർ,മെഡിക്കൽ റീ-ഇംബേസേഴ്സ്മെന്റ് ലഭിക്കുന്നവർ, എന്നിവർക്ക് ഈ പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കാൻ അർഹതയില്ല. അതുപോലെ അപേക്ഷ നൽകുന്നതിനു മുൻപേ ചികിൽസ പൂർത്തിയാക്കിയവർക്കും ധന സഹായത്തിന് അർഹതയില്ല. എന്നാൽ അപേക്ഷിക്കുന്നതിന് മുൻപ് സർജറിക്ക് വിധേയരായവർക്ക് 48 മണിക്കൂറിനുള്ളിൽ അപേക്ഷ, ഫോറം 7-നോടൊപ്പം സമർപ്പിയ്ക്കാവുന്നതാണ്. അതുപോലെ സർക്കാർ ആശുപത്രിയിലെ ചികിൽസയ്ക്ക് അടിയന്തിര സാഹചര്യത്തിൽ സ്വന്തം കൈയിൽ നിന്ന് ചെലവാക്കിയ തുക തിരികെ ലഭിയ്ക്കുന്നതാണ്. ഇതിനായി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ ഫോറം 9,10, 10 A എന്നിവ സഹിതം കാരുണ്യ അഡ്മിനിസ്ട്രേറ്റർക്ക് സമർപ്പിയ്ക്കേണ്ടതാണ്. സർക്കാരുമായി ധാരണാപത്രത്തിൽ

# സഭാവാർത്തകൾ



**സി. ഡെൽസ മരിയ FCC, മാപ്രാണം**

**1. കത്തോലിക്കാ വിവാഹം ഒരു സ്നേഹ ഉടമ്പടി : മാർപാപ്പ**

ക്രിസ്തീയ വിവാഹം പുരുഷനും സ്ത്രീയും തമ്മിൽ ജീവിതാന്ത്യംവരെ തുടരേണ്ട ഒരു സ്നേഹ ഉടമ്പടിയാണ്. മതനിരപേക്ഷ ലോകത്തിന്റെ സമ്മർദ്ദത്താൽ പലപ്പോഴും മുറിക്കപ്പെടുന്ന വിവാഹബന്ധത്തിന്റെ പരിശുദ്ധിയും അഭേദ്യതയും വ്യക്തമായ ദൈവശാസ്ത്രം വഴിയും വിശ്വസ്തരായ ദമ്പതിമാരുടെ സാക്ഷ്യം വഴിയും ആഴപ്പെടുത്തണം.

**2. സത്ന സെമിനാരിക്ക് സിനഡൽ പദവി :**

സീറോമലബാർ സഭയുടെ ഔദ്യോഗിക മിഷൻ സെമിനാരിയായി, മധ്യപ്രദേശിലെ സത്ന രൂപതയിൽ പ്രവർത്തിക്കുന്ന സെന്റ് എഫ്രേം തിയോളജിക്കൽ സെമിനാരി ഉയർത്തപ്പെട്ടു. സീറോമലബാർ സിനഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിന് കീഴിലുള്ള നാലാമത്തെയും, കേരളത്തിനു പുറത്തുള്ള ആദ്യത്തെയും മേജർ സെമിനാരിയാണിത്. 1992 ജൂലായ് 3ന്, സത്ന രൂപതയുടെ പ്രഥമ മെത്രാൻ മാർ അബ്രാഹം ഡി.മറ്റമാണ് ഈ സെമിനാരി ആരംഭിച്ചത്.

**3. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയാർക്കീസ് :** ആഗോള സുറിയാനി ഓർത്തഡോക്സ് സഭയുടെ പിതാവും തലവനും അന്ത്യോക്യായുടെ പാത്രിയാർക്കീസുമായി മാർ അപ്രേം കരീം കുറിലോസ് മെത്രാപോലീത്തായെ തെരഞ്ഞെടുത്തു. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ എന്ന സ്ഥാനപ്പേരാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന്.

**4. മാർ മാത്യു അറക്കൽ : ലെയ്റ്റി കൗൺസിൽ ചെയർമാൻ**

കാഞ്ഞിരപ്പിള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറക്കലിനെ സി.ബി.സി.ഐ ലെയ്റ്റി കമ്മിഷൻ ചെയർമാനായി നിയമിച്ചു. ബിഷപ്പുമാരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജെറാൾഡ് ജോൺ മത്തിയാസ് എന്നിവരാണ് ഈ കൗൺസിലിലെ മറ്റ് അംഗങ്ങൾ.

**5. ഇരിഞ്ഞാലക്കുടെ രൂപതക്ക് പുതിയ ഇടവക :**

എടത്തിരുത്തി ഫൊറോന പള്ളിയുടെ കീഴിലുള്ള മണ്ണൂക്കാട് ഫാത്തിമനാഥ കുരിശുപള്ളി, ദുക്റാന തിരുനാൾ ദിനമായ 2014 ജൂലായ് മൂന്നാം തിയ്യതി ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തപ്പെട്ടു.

---

**ജാലകത്തിലൂടെ (തുടർച്ച)**

ഒപ്പിട്ടിട്ടുള്ള ചില സ്വകാര്യ ആശുപത്രികളെയും ഈ പദവിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.karunya.kerala.gov.inൽ നിന്ന് ലഭിക്കുന്നതാണ്.

# ക്വിസ് മത്സരം

(1) 1975 ൽ സുവിശേഷവൽക്കരണത്തിനായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ടത് ആർ?

(2) തോമാശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിൽ അരപള്ളിയായി അറിയപ്പെടുന്ന സ്ഥലം? ജില്ല?

(3) ക്രിസ്തുവിലുള്ള വിശ്വാസം വഴി നീതികരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും ക്രിസ്തുവിൽ വിശ്വസിച്ചത്. ലേഖനം-അദ്ധ്യായം-വാക്യം?

(4) 1953 നവം: 11ന് കേരളം സന്ദർശിച്ച പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷൻ?

(5) എവറസ്റ്റ് കൊടുമുടി കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടി ?

(6) ഫ്രാൻസിസ് അസീസിയുടെ നന്മ നിറഞ്ഞ കോമാളിയായി അറിയപ്പെട്ട ശിഷ്യൻ?

(7) ബ്ളുടൂത്ത് സംവിധാനം കണ്ടുപിടിച്ച കമ്പനി?

(8) സ്വർഗ്ഗരാജ്ഞി 22-ാം യോഹന്നാൻ പാപ്പക്ക് പ്രത്യക്ഷപ്പെട്ട വർഷം?

(9) കുതിപ്പും കിതപ്പും എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?

(10) 1978ൽ ദിവംഗതനായ പാപ്പ?

(11) തോമാശ്ലീഹായുടെ രക്തത്താൽ കുതിർന്ന പറങ്കിമലയുടെ മറ്റൊരു പേര്?

(12) Rest and Thankful ഏതുരാജ്യത്തെ സ്ഥലമാണ്?

(13) അങ്കിലിസാത്തുവിൽ സ്ഥലം വെഞ്ചിരിച്ചതിന് സി.എം.ഐ. സഭയിലെ ഒരു വൈദികന് ഗ്രാമീണർ നൽകിയ സമ്മാനം എന്താണ്?

(14) "വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന ഇതത്രേ" ഏത്?

(15) വിശുദ്ധിയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനത്തിന് രൂപം നൽകിയത് ആര്?

---

അവലംബം : ജൂലൈ ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ്ശ്ലീഹ എഫേസോസുകാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-08-2014.

---

## ജൂലൈ ലക്കം ക്വിസ് മത്സര വിജയി : റിമ സിന്റോ താണിപ്പുള്ളി

മത്സരത്തിൽ പങ്കെടുത്ത 15 പേരിൽ 13 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

---

## ജൂലൈ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ആൽവിൻ വിൻസന്റ് കാഞ്ഞാണിക്കാരൻ - സെന്റ് ജോസഫ്, (2) ഷൈജി ഡേവിസ് എരങ്ങത്തുപറമ്പിൽ- സെന്റ് ജോൺ I, (3) ലിജി ബിജു മഞ്ഞളി - സെന്റ് ജോൺ I, (4) ബീന ജോൺ മാളിയേക്കൽ - സെന്റ്മേരീസ് I, (5) റിമ സിന്റോ താണിപ്പുള്ളി - സെന്റ് സെബാസ്റ്റ്യൻ, (6) സിയ റൂബിസൻ കിടങ്ങുപറമ്പിൽ - സെന്റ്മേരീസ് II, (7) മേരി ജോർജ് പള്ളിത്തറ - സെന്റ്ജോൺ II, (8) മേഴ്സി ജോയ് പാറയ്ക്കൽ - സെന്റ് ഗീവർഗീസ്, (9) ജെന്നി ജെൻസൺ എരങ്ങത്തുപറമ്പിൽ - സെന്റ് ജോൺ I, (10) മേരി ജോസ്, തെക്കേത്തല - സെന്റ് റോസ്, (11) സ്മിനു ജെൻസൻ നായങ്കര ചിന്നൻ - ഹോളിക്രോസ്, (12) റോസി ആന്റണി, കുറ്റിക്കാടൻ - സെന്റ് ജോസഫ്, (13) സോളി സൈമൺ ചാക്കോര്യ - സെന്റ് ജോർജ്

എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

കവിത

# തിരിച്ചറിവ്

ജോൺ കെ.ജെ, കോമ്പാറക്കാരൻ



ഇന്നുറങ്ങുന്നതിൻ മുമ്പൊന്നുറക്കെ കരഞ്ഞു-
കൊണ്ടുണർവിലേക്കൊന്നു നാം ഉണർന്നീടുക.
ഇന്നു ഞാൻ കരയിച്ച കണ്ണുകൾ ഒർക്കുക
കലഹിച്ച ഹൃദയതുടിപ്പുകൾ ഓർക്കുക
മരണമെൻ അരികിലായുണ്ടെന്നുമോർക്കുക
ഒരു നാൾ തന്നെയും പുൽകുമെന്നോർക്കുക
ഒന്നൊരുങ്ങാൻ ഒരു നിമിഷമില്ലെന്നുമോർക്കുക
മരിച്ചു കിടക്കുന്ന നാളിലും ഓർമ്മദിനത്തിലും മാത്രമേ
ഓർമ്മതൻ ഓർമ്മയുള്ളൂവെന്നുമോർക്കുക
ഓർമ്മദിനങ്ങൾ വെറും ആഘോഷമാണെന്നുമോർക്കുക
ബന്ധുമിത്രാതിതൻ ഓർമ്മകൾ രണ്ടുനാൾ കഴിയവേ
മാഞ്ഞു മറഞ്ഞു പോകുമെന്നോർക്കുക
തന്റെ മരണത്താൽ ഭൂമി കുലുങ്ങില്ലെന്നോർക്കുക
ഒരു പൂവിതൾ പോലും വാടില്ലെന്നോർക്കുക
ഏകനായ് വന്ന ഞാൻ ഏകനായ് പോകുമെന്നോർക്കുക
നാളെ ഞാൻ ഇല്ലെങ്കിൽ എൻ സ്വപ്നചിറകുകൾ-
മാത്രമേ കരിഞ്ഞു തീരുന്നുള്ളുവെന്നുമോർക്കുക
എവിടെന്നു വന്നെന്നും എവിടേക്ക് പോണെന്നും
പോകുന്ന വഴിയേതെന്നും ഓർക്കുക.
ഞാനീ മണ്ണിൽ ആരുമല്ലെന്നൊരാ -
തിരിച്ചറിവിനാൽ മനം നീറീടവേ -
ഉത്തരമറിയാത്തൊരായിരം ചിന്തകൾ
മനസ്സിനെ അറിയാതെ മൂടീടവേ
ആചിന്തകൾക്കപ്പുറം ഒരു ശക്തിയുണ്ടെന്നറിയുക
ആ ശക്തിതൻ ഉറവിടം ദൈവമെന്നറിയുക
അഹങ്കാരതോലുരിഞ്ഞെറിഞ്ഞു പുതുമനുഷ്യരായ്തീരുക
പശ്ചാത്തപിച്ചു കരഞ്ഞപേക്ഷിക്കുക
ഉണരാൻ കൊതിച്ചുറങ്ങാൻ കിടക്കുക
ദൈവദാനമായ ഈ ഏക ജീവിതം
ദൈവഹിതംപോൽ ജീവിച്ചു തീർക്കുക...
ഇന്നുറങ്ങുന്നതിൻ മുൻപൊരാളെങ്കിലും
ഈ വരികളാൽ ദൈവത്തെ ഓർത്തുവെങ്കിൽ
സ്വയമേ ജീവിതം തിരിച്ചറിഞ്ഞുവെങ്കിൽ
എന്റെ കവിത പൂർണ്ണം എന്റെ തൂലിക ധന്യം.



# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- 13 ലക്ഷം അംഗങ്ങളുള്ള ഇന്ത്യൻ കരസേനയുടെ ഉപമേധാവിയായി പന്തളം സ്വദേശി ലഫ്. ജനറൽ ഫിലിപ് കാംപോസ് നിയമിതനായി.
- മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് കവി, കെ. സച്ചിദാനന്ദനു എസ്.ബി.ടി. സുവർണ്ണമുദ്ര സമ്മാനം.
- അഗ്നി മിസൈൽ പ്രോജക്ട് ഡയറക്ടർ Dr. ടെസ്സി തോമസ്സിന് നിരപ്പേൽ ശാസ്ത്ര പ്രതിഭാ അവാർഡ്.
- ശബ്ദത്തേക്കാൾ 2.8 ഇരട്ടി വേഗമുള്ള ബ്രഹ്മോസ് മിസൈലിന്റെ പുതിയ പരീക്ഷണം വിജയകരമായി.ഒഡീഷയിലെ ബാലസോറിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലാണ് വിക്ഷേപണം നടത്തിയത്.
- ചെക് റിപ്പബ്ലിക് താരം പെട്ര കിറ്റോവയ്ക്ക് വിമ്പിൾഡൻ വനിത കിരീടം.
- യു.എസ്. നാവികസേനയുടെ 236 വർഷത്തെ ചരിത്രത്തിൽ ആദ്യമായി ഫോർ സ്റ്റാർ അഡ്മിറൽ പദവി ലഭിച്ച വനിത : മിഷേൽ ഹൊവാഡ്.
- എം.ജി. രാധാകൃഷ്ണൻ ഫൗണ്ടേഷന്റെ പുരസ്കാരത്തിന് പെരുമ്പാവൂർ ജി. രവീന്ദ്രനാഥ് അർഹനായി.
- നർത്തകർക്കു നൽകുന്ന ദേശീയ പുരസ്കാരങ്ങളായ ഭാരത് കലാഭാസ്കർ, നിർമ്മല പണിക്കർക്കും ഭാരത് കലാരത്ന പുരസ്കാരം യുവ നർത്തകി പാർവ്വതി ദത്തയ്ക്കും ലഭിച്ചു.
- എം.കെ. ഗ്രൂപ്പ് എംഡി എം.എ. യൂസഫലി അബുദാബി ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗമായി മൂന്നാമതും തിരഞ്ഞെടുക്കപ്പെട്ടു.
- 1-ാം ലോക മഹായുദ്ധത്തിന്റെ നൂറാം വാർഷികം ജൂലൈ 28ന്. 1914ലാണ് സെർബിയയ്ക്കെതിരെ ഓസ്ട്രിയ യുദ്ധം ആരംഭിച്ചത്.
- ഗൂഗിളിന്റെ സാമൂഹിക മാധ്യമമായ ഓർക്കൂട്ട്, സെപ്തംബർ 30നു പ്രവർത്തനം നിർത്തുന്നു. 2004 ലാണ് ഓർക്കൂട്ട് തരംഗമായി മാറിയത്.
- അലഹബാദ് ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജി ജസ്റ്റിസ് അശോക് ഭൂഷൺ കേരള ഹൈക്കോടതി ജഡ്ജിയാകും.
- ലോകത്തിലെ ഏറ്റവും സ്വാധീനശക്തിയുള്ള പ്രശസ്ത വ്യക്തികളിൽ ഒന്നാം സ്ഥാനം പോപ്പ് ഗായിക ബിയോൺസിന്.
- അന്റാർട്ടിക്കയിലെ ഒരു പർവ്വതത്തിനു USലെ ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ അഖൗരി സിൻഹയുടെ പേരു നൽകി : മൗണ്ട് സിൻഹ.
- മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ് ഇപ്പോഴും അമേരിക്കയിലെ ഏറ്റവും സമ്പന്നനായ വ്യവസായി.

# ആരോഗ്യ ചിന്തകൾ



**ജെസ്റ്റിൻ ജോസ് എം.**

ഈ ലക്കത്തിൽ നമ്മുടെ നാട്ടിൽ പ്രചുരപ്രചാരം നേടിയ അൾട്രാ സൗണ്ട് സ്കാനിങ്ങിനെ നമുക്ക് പരിചയപ്പെടാം നമ്മുടെ ശരീരത്തിനകത്തെ അവയവങ്ങളെയും വ്യവസ്ഥകളെയും ശരീരം മുറിയ്ക്കാതെ തന്നെ കാണാനുള്ള മാർഗ്ഗമാണ് സ്കാനിംഗ്. വിവിധ തരത്തിലുള്ള സ്കാനിംങ്ങു കളിൽ ഏറ്റവും അപായരഹിതമായ  രീതിയാണ് അൾട്രാ സൗണ്ട് സ്കാനിംങ് അഥവാ അൾട്രാ സോണോ ഗ്രാം ( U S G)

പേരു സൂചിപ്പിക്കുന്നതു പോലെ നമ്മുടെ ചെവികൾക്ക് കേൾക്കാൻ കഴിയുന്നതിനപ്പുറം  ആവൃത്തിയുള്ള ശബ്ദ തരംഗങ്ങളാണ്  ഇവിടെ ഉപയോഗപ്പെടുത്തുന്നത്. തരംഗങ്ങൾ കമ്പനം ചെയ്യുമല്ലോ. ഒരു സെക്കന്റ് സമയത്തിൽ എത്ര തവണ കമ്പനം ചെയ്യുമെന്നതാണ് അവയുടെ ആവൃത്തി നിശ്ചയിക്കുന്നത്. ഏകദേശം 1 മെഗാഹെർട്സ് തൊട്ട് 20 മെഗാഹെർട്സ് വരെ ആവൃത്തിയുള്ള തരംഗങ്ങളാണ് ഇവിടെ ഉപയോഗപ്പെടുത്തുന്നത്. ഇത്തരം ഉയർന്ന ആവൃത്തിയും പവറും ഉള്ള അൾട്രാസൗണ്ട് സൃഷ്ടിയ്ക്കാൻ നമ്മെ സഹായിക്കുന്നത്  ബേരിയം ടൈറ്റാനേറ്റ്, ലെഡ് സിർക്കോണേറ്റ് ടൈറ്റാനേറ്റ് തുടങ്ങിയ പീസോ ഇലക്ട്രിക് ക്രിസറ്റലുകളാണ്. ഇവ വളരെ പ്രത്യേകതയുള്ള പദാർത്ഥങ്ങളാണ്. ഇവയിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ഇവയിലെ തന്മാത്രകൾ ചലിയ്ക്കുകയും അത് അൾട്രാസൗണ്ട് പുറപ്പെടുവിക്കുകയും ശബ്ദതരംഗങ്ങളെപ്പോലെ എന്തെങ്കിലും അവയിൽ വന്നു പതിച്ചാൽ അവ തിരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ചെയ്യും. പരിശോധകൻ നമ്മുടെ ശരീരത്തിലൂടെ ഓടിക്കുന്ന ട്രാൻസ്ഡ്യൂസർ എന്ന ഉപകരണത്തിന്റെ പ്രധാന ഭാഗം ഈ ക്രിസ്റ്റലുകളാണ്. ഒരേ ഉപകരണത്തിന് അൾട്രാസൗണ്ടിനെ ശരീരത്തിനകത്തേയ്ക്കും അവിടെ നിന്നും പ്രതിഫലിച്ചുവരുന്ന സൗണ്ടിനെ സ്വീകരിയ്ക്കാനും സാധിക്കുന്നതെങ്ങനെയെന്നു മനസ്സിലായില്ലോ.

ഇനി അൾട്രാസൗണ്ട്  നമ്മുടെ ശരീരത്തിലൂടെ കടത്തിവിടുമ്പോൾ ശരീരത്തിലെ വിവിധ കോശങ്ങൾ അവ ആഗിരണം ചെയ്യുന്നതിന്റെയും പ്രതിഫലിപ്പിക്കുന്നതിന്റെയും  അളവുകൾ  കോശസാന്ദ്രതയ്ക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. ഒരുതരത്തിലുള്ള കോശത്തിൽ നിന്നും മറ്റൊന്നിലേക്കു പ്രവേശിക്കുമ്പോൾ ആ ഇന്റർഫേസിൽ നിന്നു അവ പ്രതിഫലിയ്ക്കപ്പെടുന്നു. ഇവ ട്രാൻസ്ഡ്യൂസറിലൂടെ തിരികെ സ്വീകരിച്ച് കമ്പ്യൂട്ട റിന്റെ സഹായത്തോടെ ചിത്രങ്ങൾ ഉണ്ടാക്കുന്നു. ശരീരത്തിലേയ്ക്ക് ഉപകരണത്തിൽ നിന്നും അൾട്രാസൗണ്ട് പ്രവേശിക്കുന്നിടത്ത് ഈ പ്രതിഫലനം  സംഭവിയക്കുന്നതൊഴിവാക്കാനാണ് അവിടെ ജെൽ പുരട്ടുന്നത്. അൾട്രാസൗ

## മാതൃസംഘം ഭാരവാഹികൾ



ലൂസിപോൾ തേയ്ക്കാനത്ത്
പ്രസിഡണ്ട്



റാണി ജോസഫ്
തെങ്ങോലപ്പറമ്പിൽ
വൈസ്പ്രസിഡണ്ട്



റീന ആന്റണി തൊമ്മാന
സെക്രട്ടറി



ലിസി ഡേവിസ്
ഇഞ്ചോടിക്കാരൻ
ജോ. സെക്രട്ടറി



ബെറ്റി ചാക്കുണ്ണി
ആലുക്കൽ
ട്രഷറർ



ലീന പോൾ
തെക്കേത്തല
കമ്മറ്റിഅംഗം



മെഴ്സി ജോയ്
പാറയ്ക്കൽ
കമ്മറ്റി അംഗം

## അൽഫോൻസാമ്മ ക്വിസ് മത്സര വിജയികൾ



ഡോണ പോൾസൺ
1st



ആൻമേരി വർഗ്ഗീസ്
2nd



ഐശ്വര്യ ജെൻസൺ
3rd

## അൽഫോൻസാമ്മ സൂക്ത മത്സര വിജയികൾ



സാന്ദ്രമരിയ വിൻസെന്റ്
1st



അലീന ലോറൻസ്
2nd



അനീന വർഗ്ഗീസ്
3rd

**ആരോഗ്യചിന്തകൾ** (തുടർച്ച)


ണ്ടിന്റെ ശരീരത്തിലൂടെയുള്ള ഈ സഞ്ചാരം മറ്റു റേഡിയോ വികിരണങ്ങളെപ്പോലെ കോശങ്ങളെ നശിപ്പിയ്ക്കാത്തതിനാൽ ഇന്നും യു. എസ്. ജി ഒരു പ്രധാന സകാനിംങ് രീതിയായി നിലകൊള്ളുന്നു.

# നിങ്ങൾക്കറിയാമോ?




ബീന തോമസ് ചേറേങ്ങാടൻ

## പ്രകൃതിയുടെ ശിൽപികൾ



നിങ്ങൾ തേനിച്ചക്കൂട് കണ്ടിട്ടുണ്ടോ? തേനിച്ചകൾ തേൻ സൂക്ഷിക്കുന്ന അടകൾ കണ്ടിട്ടുണ്ടോ? പ്രകൃതിയുടെ ശില്പികളായ തേനിച്ചകൾ എത്ര മനോഹരമായാണ് മെഴുക് കൊണ്ട് ആറു മുഖങ്ങളോടുകൂടിയ, കണ്ണികൾ ചേർത്ത വലകൾ പോലെ തോന്നിപ്പിക്കുന്ന രീതിയിൽ അടകളുണ്ടാക്കുന്നത്. വളരെ വിദഗ്ദവും അതിശയകരവുമായ രീതിയിലാണ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശിൽപികളായ ഈച്ചകൾ, മെഴുക് ചൂടാക്കി ഉരുക്കി വളരെയധികം ഉറപ്പോടുകൂടിയ അടകളിൽ തേൻ ശേഖരിച്ചുവയ്ക്കാനുള്ള അറകൾ ഉണ്ടാക്കുന്നത്. ഈ നിർമ്മിതിയുടെ ഘടന വളരെയധികം മേഖലകളിൽ മനുഷ്യൻ ആവിഷ്കരിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഫർണിച്ചർ, ഹെലികോപ്റ്റർ, റോക്കറ്റ്, ഗ്ലൈഡറുകൾ, ടെലസ് കോപ്പ്, മിററുകൾ, ഓട്ടോമൊബെൽസ്, ലൗഡ് സ്പീക്കർ ടെക്നോളജി, എന്നു തുടങ്ങി LED ടെക്നോളജിയിൽ വരെ എത്തി നിൽക്കുന്നു.



**ഇന്ത്യയുടെ കൃത്രിമ ഉപഗ്രഹങ്ങൾ ഫ്രഞ്ച് ഗയാനയിലെ കൗരുവിൽ നിന്ന് വിക്ഷേപിക്കുന്നതിന്റെ കാരണം നിങ്ങൾക്കറിയാമോ?**

യൂറോപ്യൻ സ്പേസ് ഏജൻസിയുടെ സഹകരണത്തോടെ നമ്മുടെ രാജ്യം വിക്ഷേപിക്കുന്ന ഉപഗ്രഹങ്ങളാണ് ഇവിടെ നിന്നും വിക്ഷേപിക്കുന്നത്. തെക്കേ അമേരിക്കൻ മേഖലയിലുള്ള ഈ സ്ഥലം ഫ്രാൻസിന്റെ അധീനതയിലുള്ളതും യൂറോപ്യൻ സ്പേസ് ഏജൻസിയുടെ വിക്ഷേപണ കേന്ദ്രവുമാണ്. ഭൂമദ്ധ്യരേഖയ്ക്ക് 5 ഡിഗ്രി മാത്രം വടക്കുള്ള ഇവിടെ നിന്ന് വിക്ഷേപിച്ചാൽ ഭൂമിയുടെ ഭ്രമണപഥത്തിലെ ബലത്തിനെതിരെ പ്രയോഗിക്കുന്ന ബലത്തിന്റെ അളവ് കുറവുമതി. ഇക്കാരണത്താൽ ബഹിരാകാശ വാഹനത്തിന് ഇന്ധനം കുറച്ചുമതിയാകും. കടലിന് അഭിമുഖമായ പ്രദേശമായതിനാൽ വിക്ഷേപണത്തിന്റെ അവശിഷ്ടങ്ങൾ കടലിൽ വീണുകൊള്ളും എന്ന സൗകര്യവുമുണ്ട്.

# ആഗസ്റ്റ് മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തീയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | പാണനാൽ ജോൺ പോൾ | 10-08-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | വള്ളിവട്ടത്തുകാരൻ ജോണി ഭാര്യ റോസിലി | 10-08-14 | 3.15 p.m. |
| സെന്റ് ജോസഫ് | കുറ്റിക്കാടൻ ആന്റണി റോസി | 10-08-14 | 4.00 p.m. |
| ഹോളിക്രോസ് | കള്ളാപറമ്പിൽ തോമസ് ഭാര്യ കുഞ്ഞേത്തി | 10-08-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | ചാക്കോര്യ ദേവസി തോമസ് | 10-08-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | ചക്രംപുള്ളി പോൾ ഭാര്യ സെലീന | 10-08-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | പഴയേടത്തുപറമ്പിൽ കൊച്ചാപ്പു ജോസ് | 10-08-14 | 3.15 p.m. |
| സെന്റ് ജോൺ I | കരിങ്ങണ ഫ്രാൻസിസ് ജോയ് | 24-08-14 | 4.00 p.m. |
| സെന്റ് ജോൺ II | ആലപ്പാടൻ ലാസർ ജോണി | 24-08-14 | 4.45 p.m. |
| വാ. മദർ തെരേസ | കണ്ണമ്പുഴ ലോനപ്പൻ ജോസ് | 24-08-14 | 5.30 p.m. |
| സെന്റ് മേരീസ് I | മാറോക്കി ചാക്കോരു കൊച്ചപ്പൻ | 24-08-14 | 2.30 p.m. |
| സെന്റ് മേരീസ് II | കുറ്റിക്കാടൻ ഇട്ടിക്കുരു ജോയ് | 24-08-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | തെക്കൂടൻ റപ്പായി ജോണി | 24-08-14 | 4.00 p.m. |
| സെന്റ് റോസ് | ചിറ്റാക്കര ജോണി ഭാര്യ ത്രേസ്യ | 24-08-14 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ വർക്കി ജോർജ് | 24-08-14 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : യോഹ 2:1-12**

## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ക്രിസ്ത്യൻ ദാമ്പത്യവും കാലഘട്ടത്തിന്റെ വെല്ലുവിളിയും (2) എനിക്കു ജ്ഞാനം തരൂ (3) ദാസിയുടെ പുത്രൻ സ്വതന്ത്രയുടെ പുത്രനോടൊപ്പം അവകാശിയാകൻ പാടില്ല (4) മാർ പോളി കണ്ണൂക്കാടൻ(5) 12-ാം പിയൂസ് പാപ്പ (6) സ്നേഹം, ആനന്ദം, സമാധാനം, ദയ, ക്ഷമ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (7) ജൂൺ 14 (8) സെർവിക്കൻ സ്പോണ്ടെലോസിസ് (9) വി. പൗലോസ്ശ്ലീഹ (10) ജീവപ്രവാഹം (11) ശിഖർ ധവാൻ (12) ടോട്ടോചാൻ (13) വി. ജസ്റ്റിൻ (14) ഫ്രാൻസിസ് അസ്സീസി

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**റിമ സിന്റോ**

താണിപ്പുള്ളി വീട്,
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



**അഭിനന്ദനങ്ങൾ**

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..................................................

വീട്ടുപേര് ..................................................

മതബോധന ക്ലാസ്സ് ..................... യൂണിറ്റ് .....................

---

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 15

# മകനേ! നിനക്ക് വേദനിച്ചുവോ?



**ലിയ പി ജോർജ്**

ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. ചെറുപ്പത്തിൽ തന്നെ അപ്പനെ നഷ്ടപ്പെട്ട ആ മകനെ വളർത്തുവാൻ സ്നേഹനിധിയായ ആ അമ്മ ഒത്തിരിയേറെ കഷ്ടപ്പെട്ടു. സ്വയം പട്ടിണി കിടന്നും അമ്മ ആ മകനെ ഊട്ടി വളർത്തി. വിദ്യാഭ്യാസം നൽകി. മകൻ വളർന്നു വലുതായി, ഉദ്യോഗത്തിൽ പ്രവേശിച്ചു. സുന്ദരിയായ ഒരു പെൺകുട്ടിയെ അവൻ ഇഷ്ടപ്പെടുകയും വിവാഹം കഴിക്കുകയും ചെയ്തു. ഭർത്താവിന് തന്നോടുള്ള സ്നേഹം പരീക്ഷിക്കാൻ ആ മരുമകൾ തീരുമാനിച്ചു. ഭർത്താവിന്റെ അമ്മയെ വൃദ്ധസദനത്തിലാക്കണം എന്നായിരുന്നു അവൾ ആവശ്യപ്പെട്ടത്. ഇക്കാര്യം ആ പാവം അമ്മ അറിഞ്ഞു. വൃദ്ധസദനത്തിലേക്ക് മാറുവാൻ ആ അമ്മ തയ്യാറായി. അമ്മയുടെ സ്വത്ത് കൈക്കലാക്കുവാനായിരുന്നു പിന്നീട് ആ മരുമകൾ ശ്രമിച്ചത്. കുതന്ത്രങ്ങളിലൂടെ ആ അമ്മയുടെ സ്വത്ത് മുഴുവൻ അവൾ കൈക്കലാക്കുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും അവൾ അടങ്ങിയില്ല. അമ്മയോട് അവൾക്ക് ഒരു സഹതാപവും തോന്നിയില്ല. അവൾ പറയുന്നതെല്ലാം ഭർത്താവ് അനുസരിച്ചുകൊണ്ടിരുന്നു. അവസാനം അവൾ ഭർത്താവിനോട് പറഞ്ഞു. ''നിങ്ങൾ അമ്മയേക്കാൾ എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ അമ്മയുടെ ഹൃദയം എടുത്ത് എനിക്കു തരണം''. നിസ്സഹായനായ ആ മകൻ ഇക്കാര്യം അമ്മയോട് പറഞ്ഞു. സ്നേഹമയിയായ ആ അമ്മ, രാത്രി താൻ ഉറങ്ങുമ്പോൾ തന്റെ ഹൃദയം എടുത്തുകൊള്ളുവാൻ ആ മകന് അനുമതി നൽകി. രാത്രിയിൽ മകൻ അമ്മയുടെ ഹൃദയം എടുത്ത് നടക്കവേ, വാതിൽപ്പടിയിൽ തട്ടിവീണ് അമ്മയുടെ ഹൃദയം കയ്യിൽനിന്ന് തെറിച്ച് വീണു. പാവം ആ അമ്മയുടെ തുടിക്കുന്ന ഹൃദയം മകനോട് ചോദിച്ചു. **"മകനേ നിനക്ക് വേദനിച്ചുവോ?"**

**ഒരു തെറ്റ്, അത് കണ്ടെത്തിയ ഉടൻ തിരുത്തുന്നുവെങ്കിൽ തെറ്റിന്റെ പാത സത്യത്തിന്റെ പാത തന്നെയാവും.**

ഹാൻസ് റെയ്ച്ചൽ ബാച്ച്

**ലോകം സ്വപ്നം കാണുന്നതിലധികം കാര്യങ്ങൾ പ്രാർത്ഥന വഴി സാധിക്കുന്നു**

ടെന്നിസൺ

# ബൈബിൾ കലണ്ടർ : ആഗസ്റ്റ് - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **31**<br>ലൂക്കാ 17:11 - 19<br>1 തെസ 2:1 - 12<br>ഏശയ്യ 29:19 - 24 | | | | | **1**<br>ലൂക്കാ 12:4 - 12<br>2 കോറി 10:3 - 11 | **2**<br>മർക്കോ 2:1 - 12<br>2 കോറി 6:14 - 18 |
| **3**<br>ലൂക്കാ 15:11 - 32<br>2 കോറി 3:4 - 12<br>നിയ 4:32 - 40 | **4**<br>മത്താ 9:35 - 10:1<br>2 കോറി 1:3 - 7 | **5**<br>ലൂക്കാ 6:20 - 26<br>യാക്കോ 4:1 - 7a | **6**<br>മത്താ 17:1 - 9<br>ഹെബ്രാ 12:18 - 29 | **7**<br>മർക്കോ 11:12 - 14, 20 - 26<br>യാക്കോ 1:2 - 8 | **8**<br>യോഹ 20:19 - 29<br>1 കോറി 15:1 - 11 | **9**<br>ലൂക്കാ 14:15 - 24<br>യാക്കോ 2:1 - 8 |
| **10**<br>യോഹ 9:1 - 12, 35 - 38<br>2 കോറി 7:1 - 11<br>നിയ 5:6 - 16 | **11**<br>മത്താ 23:34 - 39<br>യാക്കോ 2:21 - 26 | **12**<br>ലൂക്കാ 4:26 - 30<br>യാക്കോ 3:13 - 18 | **13**<br>മർക്കോ 1:16 - 20<br>2 കോറി 5:15 - 21 | **14**<br>ലൂക്കാ 9:23 - 26<br>1 പത്രോ 3:14 - 17 | **15**<br>യോഹ 2:1 - 12<br>റോമാ 16:17 - 27<br>പുറ 5:11 - 18 | **16**<br>ലൂക്കാ 9:49 - 56<br>യാക്കോ 4:13 - 17 |
| **17**<br>മർക്കോ 7:1 - 13<br>2 കോറി 10:12 - 18<br>ഏശയ്യ 9:13 - 21 | **18**<br>ലൂക്കാ 18:25 - 30<br>യാക്കോ 5:1 - 6 | **19**<br>മർക്കോ 13:24 - 31<br>യാക്കോ 5:7 - 12 | **20**<br>മത്താ 9:35 - 10:1<br>2 കോറി 13:1 - 4 | **21**<br>യോഹ 21:15 - 19<br>1 തെസ 2:2 - 4 | **22**<br>മത്താ 22:34 - 40<br>യാക്കോ 1:9 - 11 | **23**<br>മത്താ 11:20 - 24<br>2 തെസ 2:5 - 12 |
| **24**<br>ലൂക്കാ 16:19 - 31<br>2 കോറി 12:14 - 21<br>ഏശയ്യ 28:14 - 22 | **25**<br>മർക്കോ 4:26 - 34<br>2 തിമോ 3:10 - 17 | **26**<br>യോഹ 4:27 - 38<br>2 തിമോ 4:1 - 6 | **27**<br>മത്താ 7:15 - 20<br>1 തിമോ 6:17 - 21 | **28**<br>മത്താ 5:13 - 19<br>2 പത്രോ 1:10 - 15 | **29**<br>മർക്കോ 10:35 - 45<br>1 തെസ 4:1 - 8 | **30**<br>മർക്കോ 13:3 - 13<br>2 തെസ 2:1 - 4 |